## പതിനാലാം കേരള നിയമസഭ
## 10-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 594** **27.02.2018 -ൽ മറുപടിയ്ക്ക്**

**അഴീക്കൽ ബീച്ചിന്റെ ശോചനിയാവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | പ്രതിദിനം ആയിരക്കണക്കിന് വിനോദ സഞ്ചാരികളെത്തുന്ന കരുനാഗപ്പള്ളി താലൂക്കിലെ അഴീക്കൽ ബീച്ചിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) & (ബി) | ഉണ്ട്. ആവശ്യമായ ടൂറിസം ഇൻഫർമേഷൻ സെന്ററുകളോ ഫെസിലിറ്റേഷൻ സെന്ററോ ലഭ്യമല്ല എന്നത് ബോദ്ധ്യപ്പെട്ട് അഴീക്കൽ ബീച്ച് വികസനത്തിന് 1 കോടി രൂപ അനുവദിക്കുകയും , അഴീക്കൽ ബീച്ച് പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റിൽ ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററും ടോയ്‌ലറ്റും കെട്ടുന്നതിന് തുക അനുവദിക്കുകയും ചെയ്തിരുന്നു. പഞ്ചായത്തിന്റെ അധീനതയിൽ സ്ഥലം അനുവദിക്കാതിരുന്നതിനാലും ഹാർബറിന്റെ ഉടമസ്ഥതയിലുള്ള പ്രദേശത്ത് നടത്തിയ നിർമ്മാണം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തടഞ്ഞതിനാലുമാണ് ടോയ്‌ലറ്റ് സൗകര്യം പൂർത്തീകരിക്കാതെ പദ്ധതി നിർത്തിവച്ചിട്ടുള്ളത്. നിർദ്ദിഷ്ട സൗകര്യം ലഭ്യമാക്കുന്നതിന് ആവശ്യമായ സ്ഥലത്തിന്റെ അനുമതി നൽകുന്നതിനായി ആലപ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | ശൗചാലയങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളില്ലാത്ത ഈ ബീച്ചിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | |
| (സി) | ഇവിടെ ലൈഫ് ഗാർഡുകളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (സി) | അഴീക്കൽ ബീച്ചിൽ താൽക്കാലിക അടിസ്ഥാനത്തിൽ രണ്ട് ലൈഫ് ഗാർഡുകളെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖാന്തിരം നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ